## (81.) തട്ട സെന്റ് ആന്റണീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

തട്ട പ്രദേശത്ത് താമസിച്ചിരുന്ന ക്രൈസ്തവർ (തുമ്പമണ്ണിൽ നിന്നും ഇവിടെ വന്ന് താമസിച്ചവരും) ആരാധനയ്ക്കായി പോയിരുന്നത് തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളിയിലായിരുന്നു. ഇവിടെ (തട്ടയിൽ) ഒരു സണ്ടേസ്കൂൾ കെട്ടിടം പണിത് അതിൽ പ്രാർത്ഥനാ കൂട്ടായ്മയും വിശ്വാസപരിശീലനവും നടത്തി വന്നിരുന്നു. തങ്ങൾ താമസിക്കുന്ന തട്ടയിൽ ഒരു ദേവാലയം വേണമെന്ന ആഗ്രഹം ഉണ്ടാകുന്നു. കുറച്ചുപേർ സംഘടിച്ച് പെരുനാട്ടിൽ ബഥനി ആശ്രമ മെത്രാനായിരുന്ന മാർ ഈവാനിയോസ് തിരുമേനിയെ നേരിൽകണ്ട് തട്ടയിൽ ഒരു ദേവാലയം സ്ഥാപിച്ചുതരണമെന്ന് അറിയിക്കുകയും അതിന് അനുകൂലമായ നടപടി സ്വീകരിക്കാമെന്ന് തിരുമേനി സമ്മതിക്കുകയും ചെയ്തു. കുറച്ചുനാളുകൾക്കുശേഷം പിതാവിനെ കാണുവൻ ചെന്നപ്പോൾ തിരുമേനി കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടാൻ തീരുമാനിച്ചിരിക്കുകയാണെന്നും അതിനാൽ പള്ളി പണിയുന്നകാര്യം പിന്നീടാകട്ടെയെന്നും പറഞ്ഞു.

1930 സെപ്റ്റംബർ 20ന് കൊല്ലം തങ്കശ്ശേരി അരമന ചാപ്പലിൽവച്ച് ബൻസിഗർ തിരുമേനി (മാർപാപ്പ ചുമതലപ്പെടുത്തിയ ബിഷപ്പ്) മുമ്പാകെ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനി, മാർ തെയോഫിലോസ്, ഫാ. ജോൺ കുഴിനാപ്പുറത്ത്, അലക്സാണ്ടർ ശെമ്മാശൻ, കിളിലോത്ത് ചാക്കോ എന്നിവർ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെട്ടു. 1930 നവംബർ 1ന് പിതാവിന്റെ പേരിലുള്ള പമ്പുമലയിലെ ചെറിയ കെട്ടിടത്തിൽ കുർബാനചൊല്ലുവാൻ വരുന്നു എന്നും അവിടെ എതിർപ്പുകൾ ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ തട്ടയിൽ നിന്നും കുറേ ആളുകൾ പമ്പുമലയിൽ വിശുദ്ധ കുർബാനയ്ക്ക് എത്തണമെന്നും പിതാവ് അറിയിച്ചതനുസരിച്ച് ഇവിടെ നിന്നും കുറെപേർ പമ്പുമലയിൽ എത്തി. വി.കുർബാനയ്ക്ക് ശേഷം തട്ടയിൽ നിന്നും എത്തിയവരിൽ 8 പേരെ കത്തോലിക്കാ സഭയിലേക്ക് അഭിവന്ദ്യ മാർ ഈവാനിയോസ് പിതാവ് പുനരൈക്യപ്പെടുത്തി, അവരുടെ പേരുകൾ.

1. ഈശോ നെടിയകാലായിൽ
2. സ്കറിയ നാമ്പോഴത്തിൽ
3. വർഗ്ഗീസ് പ്ലാവിളയിൽ
4. സ്കറിയ ഇത്തിന്റെ മേലേതിൽ
5. കോശി പ്ലാവിളകിഴക്കേതിൽ
6. മത്തായി നെടിയകാലാകിഴക്കേതിൽ (മാങ്കുഴിയിൽ)
7. തോമസ് ഇടപ്പുരയിൽ പ്ലാവുനിൽക്കുന്നതിൽ
8. മത്തായി മേച്ചേരിമുകളിൽ (കല്ലുവിളയിൽ)

വേഗം തന്നെ തട്ടയിൽ കുറച്ച് സ്ഥലം വാങ്ങി അതിൽ ഒരു ചാപ്പലും ചേർന്ന് ഒരു മുറിയും, ഇപ്പോൾ മാർ ഗ്രീഗോറിയോസ് ഹാൾ നിൽക്കുന്ന സ്ഥലത്ത് പണിതു. 1930 നവംബർ 30ന് ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി. തട്ട ചാപ്പലിൽ ആദ്യമായി വിശുദ്ധ കുർബാന ചൊല്ലി. അങ്ങനെ തട്ട മലങ്കര സുറിയാനി കത്തോലിക്കാപ്പള്ളി നിലവിൽ വന്നു. പമ്പുമലയിൽ വച്ച് പുനരൈക്യപ്പെട്ട 8 പേരോടൊപ്പം സമീപവാസികളും ചേർന്ന് സെന്റ് ജോർജ്ജിന്റെ നാമത്തിലായിരുന്നു പള്ളി സ്ഥാപിച്ചത്. ആരംഭകാലത്ത് ധാരാളം എതിർപ്പുകൾ ഇടവകയ്ക്ക് നേരിടേണ്ടിവന്നു. ചില സാമൂഹിക ദ്രോഹികൾ ചാപ്പൽ തീയിട്ട് നശിപ്പിച്ചു. തീയിട്ട് നശിപ്പിച്ച ചാപ്പൽ പുനരുദ്ധരീകരിച്ച് അവിടെ തിരുകർമ്മങ്ങളും വിശുദ്ധ ബലിയും നടത്തിയിരുന്നു. പിന്നീട് ഇപ്പോഴത്തെ പള്ളി നിൽക്കുന്ന സ്ഥലത്ത് (മാർ ഈവാനിയോസ് പിതാവ് കാലുകൊണ്ട് കുരിശടയാളം വരച്ച സ്ഥലത്ത്, പുതിയ പള്ളിയുടെ

മദ്ബഹാ ഈ സ്ഥലാണ്) ഒരു കെട്ടിടം പണിത് അതിനോട് ചേർന്ന് വൈദികർക്ക് താമസിക്കാൻ ഒരു മുറിയും ക്രമീകരിച്ചു. കൂദാശ ചെയ്ത് അവിടെ തിരുകർമ്മങ്ങളും വിശുദ്ധ കുർബാനയും നടത്തിവന്നു. അതിന്റെ പടി ഞ്ഞാറുള്ള വശത്ത് ബഥനി ആശ്രമം എന്ന ബോർഡ് വച്ചു. അങ്ങനെ തട്ട ഇടവക ആശ്രമ ദേവാലയമായി തീർന്നു.

**ലൂർദ്ദ് മാതാവിന്റെ ഗ്രോട്ടോ**

1950-51 വർഷങ്ങളിൽ ഇടവക വികാരിയായിരുന്ന തോമസ് കൈതനാലച്ചന്റെ ജപമാല പ്രാർത്ഥനയി ലൂടെയുള്ള മാതൃഭക്തി ഇടവക ജനത്തെ മാതാവിങ്കലേക്ക് അടുപ്പിച്ചു. 1952-ൽ ആന്റണി കേളംപറമ്പിൽലച്ചൻ വികാരിയായി ചുമതലയേറ്റു. തന്റെ മുൻഗാമിയായ തോമസ് കൈതനാലച്ചൻ ഇടവക ജനത്തെ മാതാവിങ്കലേക്ക് അടുപ്പിച്ചതിനെ കൂടുതൽ ഭക്തിപരമാക്കുന്നതിനായി ഒരു ഗ്രോട്ടോ നിർമ്മിക്കണമെന്നതിനെപ്പറ്റി അഭിവന്ദ്യ ഗ്രിഗോ റിയോസ് തിരുമേനിയോട് ആലോചനനടത്തി തിരുമേനിയുടെ അനുവാദം വാങ്ങി 1955-ൽ കാട്ടുകല്ലുകൊണ്ട് ഫ്രാൻസിൽ ലൂർദ്ദ് എന്ന സ്ഥലത്ത് ബർദീത്താ എന്ന പെൺകുട്ടിയ്ക്ക് മാതാവ് പ്രത്യക്ഷപ്പെട്ട അതേ മലയുടെ മാതൃകയിൽ അവിടെ ഒരു ഗ്രോട്ടോ സ്ഥാപിച്ചു. 1956-ൽ തോമസ് പ്ലാവിള, ശമുവേൽ തെങ്ങുവിള, ഈ.എസ്. ജോൺ എന്നീ ശെമ്മാശന്മരുടെ പട്ടംകൊടശുശ്രൂഷ തട്ടയിൽ വച്ചുനടന്നു, തലേന്ന് വൈകിട്ട് അഭിവന്ദ്യ ഗ്രീഗോ റിയോസ് തിരുമേനി തട്ടയിൽ വന്ന് ഗ്രോട്ടോ കൂദാശചെയ്തു. ഗ്രോട്ടോയിലെ ത്രോണോസിൽ ബലിയർപ്പിച്ചു. ഏതാനും മാസങ്ങൾക്കുശേഷമുണ്ടായ ശക്തമായ മഴയിൽ ഗ്രോട്ടോ ഇടിഞ്ഞ് പോയി. പിന്നീട് കരിങ്കല്ലുകൊണ്ട് കെട്ടിയുണ്ടാക്കിയതാണ് ഇന്ന് കാണുന്ന ഗ്രോട്ടോ. മലങ്കര സഭയിലെ ആദ്യത്തെ ഗ്രോട്ടോയാണിത്. 1957 ഫെബ്രു വരി 11-ന് അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനി ഗ്രോട്ടോയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് ഗ്രോട്ടോയിൽ നിന്ന് പള്ളിയിലേക്ക് ദിവ്യകാരുണ്യ പ്രതിക്ഷണം നടത്തുകയും ചെയ്തു. എല്ലാ വർഷവും ഫെബ്രു വരി 11 ലൂർദ്ദ് മാതാവിന്റെ തിരുനാൾദിനം ഗ്രോട്ടോയിൽ വിശുദ്ധ കുർബാനയും ദിവ്യകാരുണ്യ പ്രതിക്ഷണവും മുടക്കം കൂടാതെ നടത്തിവരുന്നു.

ആന്റണി കേളംപറമ്പിലച്ചൻ 1952-ൽ തട്ട വികാരിയായി വന്നു. അദ്ദേഹം ബഥനി ആശ്രമം എന്ന ബോർഡ് മാറ്റി. കെട്ടിടം കുറച്ചുകൂടി പടിഞ്ഞാറോട്ട് നീട്ടുകയും മദ്ബഹായും ത്രോണോസും പണികഴിപ്പിച്ചു. പള്ളിയുടെ കിഴക്കുഭാഗത്തെ സെന്റ് ജോർജ്ജ് കുരിശടിയും കടമറികളും ക്രമീകരിച്ച് കേളംപറമ്പിലച്ചനാണ്. അച്ചൻ 1952 മുതൽ 1967 വരെയുള്ള 15 വർഷത്തിലെ ശുശ്രൂഷകൾ തട്ട ഇടവകയ്ക്ക് സമർപ്പിച്ചു.

**മാർ ഗ്രീഗോറിയോസ് ഹാൾ**

ജോർജ്ജ് ജോണച്ചൻ ഇവിടെ വികാരിയായിരുന്ന കാലത്ത് (1973-1980) നിർമ്മിച്ചതാണ് ഈ ഹാൾ. ജോണച്ചൻ പ്രത്യേക താത്പര്യമെടുത്ത് ലിറ്റിൽ വേ അസോസിയേഷൻ സാമ്പത്തിക സഹായവും ഇടവക ജന ത്തിന്റെ അധ്വാനവും ചേർന്നപ്പോൾ ഈ ഹാൾ യാഥാർത്ഥ്യമായി.

**പോത്രാട്ട് കുരിശ്ശടിയും പുതിയ ദേവാലയവും**

ജോഷ്വാ താഴത്തേതിലച്ചൻ ഇടവകയുടെ വികാരിയായി വന്നപ്പോൾ (1981-1991) പോത്രാട്ട് സെന്റ് മേരീസ് കുരിശടിയും ഇന്ന് നാം കാണുന്ന പതിയ ദേവാലയിന്റെ പ്രവർത്തനങ്ങൾ നടന്നു. പോത്രാട്ട് പ്രാർത്ഥനായോഗ ങ്ങൾ കുരിശടിവെയ്ക്കാൻ വാങ്ങിയ സ്ഥലത്ത് പരിശുദ്ധ ദൈവമാതാവിന്റെ കുരിശടി പണിതു. 1983 ജൂൺ 25-ന് അഭിവന്ദ്യ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കുരിശടി കൂദാശ നടത്തി. തുടർന്ന് പുതിയ ദേവാലയിന്റെ ശിലയിട്ടു. ഗ്രോട്ടോ പണി തീർന്ന വർഷം (1956) മുതൽ ഗ്രോട്ടോയിലും 1984 മുതൽ പോത്രാട്ട് കുരിശടിയിലും മെയ് 1 മുതൽ 31 വരെ പരിശുദ്ധ മാതാവിന്റെ വണക്കമാസ പ്രാർത്ഥനയും മുടക്കമില്ലാതെ നടത്തിവരുന്നു.

1983 ജൂൺ 25ന് അഭിവന്ദ്യ ഗ്രീഗോറിയോസ് തിരുമേനി ആശീർവദിച്ച അടിസ്ഥാനശില 1984 മെയ് 15-ന് ജോഷ്വാ താഴത്തേതിലച്ചൻ അടിസ്ഥാനശില ഇട്ട് പുതിയ ദേവാലയപണി ആരംഭിച്ചു. വളരെയേറെ പ്രയാസപ്പെട്ട് ധാരാളം ബുദ്ധിമുട്ടുകൾ സഹിച്ച് പണികൾ പൂർത്തിയാക്കി 1989 ഡിസംർ 1, 2 തീയതികളിലായി മലങ്കര കത്തോ

ലിക്കാസഭയിൽ അന്നുണ്ടായിരുന്ന എല്ലാ പിതാക്കന്മാരുടെയും സഹകാർമ്മികത്വത്തിലും അഭിവന്ദ്യ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത പുതിയ ദേവാലയം മൂറോൻ കൂദാശ ചെയ്ത് ആശീർവദിച്ച് പ്രതിഷ്ഠിച്ചു.

**പള്ളിമേട**

ചെറിയാൻ മായിക്കലച്ചൻ ഇവിടെ വികാരിയായിരുന്നപ്പോഴാണ് (1992 - 1994) പള്ളിമേട പണിതത്. 2/8/1992 ൽ കൂടിയ പൊതുയോഗ തീരുമാനം അനുസരിച്ച് 1992-ൽ ആഗസ്റ്റിൽ തന്നെ മായിക്കലച്ചൻ മേടപണി ആരംഭിച്ചു. മേടപണിയുടെ കാലത്ത് കിഴക്കേ റോഡിൽ നിന്ന് പള്ളിയിലേക്കുള്ള റോഡും ശരിയാക്കിയത്. 22/12/1992 ചൊവ്വാഴ്ച രാവിലെ 8 മണിക്ക് അഭിവന്ദ്യ ഗ്രിഗോറിയോസ് പിതാവ് കിഴക്കുനിന്ന് പള്ളിയിലേക്കുള്ള റോഡിന്റേയും മേടയുടേയും കൂദാശ നടത്തിയത്.

മാത്യു വാഴപ്പിള്ളേത്ത് (കുരിശുമല മാത്യൂസ് റമ്പാൻ) അച്ചന്റെ ശ്രമഫലമായിട്ടാണ് പള്ളിയുടെ കിഴക്കേ റോഡ് തുടങ്ങുന്നിടത്ത് മനോഹരമായ ഒരു കമാനം നിർമ്മിച്ചത്. 1/4/2001 വാർഷിക പൊതുയോഗ തീരുമാനം അനുസരിച്ച് നിർമ്മിച്ച കമാനത്തിന്റെ ആശീർവാദം 1/2/2002-ൽ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനി നടത്തി. വി.കുർബാനയ്ക്ക് ശേഷം 70 വയസ്സ് കഴിഞ്ഞ 38 മാതാപിതാക്കളെയും കമാനത്തിന്റെ പണിക്ക് നേതൃത്വം നല്കിയ ഇടവക ട്രസ്റ്റി, എഞ്ചിനിയർ കെ.റ്റി.ജോർജ്ജിനേയും പൊന്നാടയണിയിച്ച് ആദരിച്ചു. 2001 ഫെബ്രുവരി 4 മുതൽ 11 വരെ ഇടവക സപ്തതി സമാപനം അർത്ഥപൂർണ്ണമായി മാത്യു വാഴപ്പിള്ളേത്തച്ചന്റെ നേതൃത്വത്തിൽ നല്കി.

തട്ടയിൽ ഒരു മഠം വേണമെന്ന ആഗ്രഹം ഇടവകയുടെ പ്ലാറ്റിനം ജൂബിലി വർഷമായ 2005ൽ സഫലമായി. 16/03/2005-ൽ മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാബാവ ബഥനിമഠം കൂദാശ ചെയ്ത് സമർപ്പിച്ചു. മാത്യു കയ്യാലയ്ക്കൽ അച്ചന്റെ കാലത്താണ് പള്ളിമേടയുടെ മുകളിലത്തെ പണി നടത്തിയത്. 11/2/2007 ഞായറാഴ്ച അഭിവന്ദ്യ ജോസഫ് മാർ തോമസ് തിരുമേനി മേടയുടെ മുകളിലത്തെ നില കൂദാശ ചെയ്തു.

ജോസഫ് ചാവടിമുരുപ്പേലച്ചൻ ഇവിടെ വികാരിയായി ശുശ്രൂഷ ചെയ്തത് 2007 - 2010 കാലത്താണ്. അച്ചന്റെ നേതൃത്വത്തിൽ പള്ളിക്കകത്തെ ക്രമീകരണങ്ങൾക്ക് സമൂലമായ ഒരു മാറ്റം വരുത്തി. 2003-ൽ ഗ്രോട്ടോയുടെ സുവർണ്ണ ജൂബിലി ആഘോഷമായി നടത്തി. അതിനോടൊപ്പം ഒരു ഗ്രോട്ടോ സുവർണ്ണ ജൂബിലി സ്മരണിക 2008-ൽ പ്രസിദ്ധീകരിച്ചു.

സ്ലീബാദാസ് ചരിവുപുരയിടത്തിലച്ചൻ ഇവിടെ വികാരിയായിരുന്ന കാലാണ് പള്ളിയുടെ പടിഞ്ഞാറ് റോഡ് കോൺക്രീറ്റ് ചെയ്തത്. ആ റോഡ് പടിഞ്ഞാറേഭാഗത്ത് ചെന്നുചേരുന്നിടത്ത് വി.അന്തോണിയോസിന്റെ നാമത്തിൽ ഒരു കമാനം നിർമ്മിച്ചു.

2012-2016 കാലത്ത് ഇടവക വികാരിയായിരുന്ന വർഗീസ് ചാമക്കാലായിലച്ചൻ ശുശ്രൂഷ ചെയ്തു. അച്ചന്റെ ശ്രമഫലമായിട്ടാണ് പള്ളിയുടെ മുമ്പിലുള്ള കൊടിമരം ജോയി കോട്ടേജ് സ്പോൺസർ ചെയ്തത്. 22/3/2015 അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ കൊടിമരത്തിന്റെ കൂദാശ നടത്തി ഇടവകയ്ക്ക് സമർപ്പിച്ചു. ഇടവകയുടെ ആഗ്രഹമായ ഒരു പാരീഷ്ഹാൾ നിർമ്മിക്കുന്നതിനുള്ള തുടക്കം കുറിച്ചത് ചാമക്കാലായിൽ അച്ചനാണ്. എന്നാൽ ഇടവകയിൽ നിന്നുള്ള ചില ആളുകളുടെ എതിർപ്പും മറ്റ് ആളുകളുടെ നിസ്സഹകരണവും കാരണം പണി ആരംഭിക്കുവാൻ കഴിഞ്ഞില്ല. ഈ ആവശ്യത്തിനായി കണ്ടെത്തിയ 19,40,000 രൂപാ അരമനയിൽ ഏൽപ്പിച്ചു.

2016-ൽ അഗസ്റ്റിൻ പുലിമുറ്റത്തച്ചൻ ഇടവക വികാരിയായി വന്നു. ആത്മീകഭൗതീകമായി വളർച്ചയുടെ കാലമായിരുന്നു. കാട് പിടിച്ചുകിടന്ന പള്ളിയുടെ പറമ്പ് കൃഷിയോഗ്യമാക്കി. പള്ളിയുടെ കിഴക്കും പടിഞ്ഞാറും വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള ഗ്രൗണ്ട് നിർമ്മിച്ചു. പള്ളിയിലേക്കുള്ള റോഡ് കോൺക്രീറ്റ് ചെയ്ത് മതിൽ കെട്ടി വൃത്തിയാക്കി. പള്ളിയുടെ മോണ്ടകത്തിൽ സ്റ്റീൽ കൈവരി പിടിപ്പിച്ചു, പള്ളിയിലെ ചെറുതും വലുതു

മായി എല്ലാകാര്യങ്ങളും അച്ചൻ ശ്രദ്ധിച്ച് അവ വൃത്തിയായി ക്രമപ്പെടുത്തി. അച്ചന്റെ പ്രവർത്തന ഫലമായി 15 കുടുംബങ്ങൾകൂടി ഇടവകയിലേക്ക് ചേർക്കപ്പെട്ടു. അപ്പോൾ 201 കുടുംബങ്ങൾ ഉണ്ട്.

വർഗീസ് ചാമക്കാലായിൽ അച്ചന്റെ കാലത്ത് നിർമ്മാണം മുടങ്ങിയ പാരീഷ്ഹാളിന്റെ പ്രവർത്തനം വീണ്ടും ആരംഭിച്ചു. പ്രവിത്താനം സെന്റ് ആഗസ്റ്റിൻസ് ഫൊറോനാപ്പള്ളിയുടെ ഓഡിറ്റോറിയിന്റെ മാതൃകയിൽ ലൂർദ്ദ് ഗിരി പാരീഷ്ഹാൾ എന്ന നാമത്തിലാണ് ഹാൾ പണിയുന്നത്. ഹാളിനാവശ്യമായ അനുവാദങ്ങൾവാങ്ങി 2019 ഫെബ്രുവരി 10 ന് ഞായറാഴ്ച ഇടവക തിരുനാൾ ദിനത്തിൽ വി.കുർബാനയ്ക്ക് ശേഷം അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ ഹാളിന്റെ കല്ലീടീൽ കർമ്മം നടത്തി. എത്രയും വേഗം ഇതിന്റെ പണി പൂർത്തീകരിക്കാനും അഗസ്റ്റിൻ അച്ചന്റെ ശുശ്രൂഷകളെ ഏറെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

ഇടവക സ്ഥാപനം - 1930നവംർ 30 (ആദ്യ വികാരി ഫാ. ജോൺ കുഴിനാപ്പുറത്ത് ഒ.ഐ.സി.)

ഇടവക മദ്ധ്യസ്ഥൻ - ഇടവകയുടെ ആരംഭത്തിൽ വിശുദ്ധ ഗീവറുഗീസ് സഹദാ

- പുതിയപള്ളി വന്നപ്പോൾ വിശുദ്ധ അന്തോണിയോസ്

ഇടവക സ്ഥാപനവുമായി ബന്ധപ്പെട്ട വ്യക്തികൾ

- 1. ഈശോ നെടിയകാലായിൽ
2. സ്കറിയ നാമ്പോഴത്തിൽ
3. വർഗ്ഗീസ് പ്ലാവിളയിൽ
4. സ്കറിയ ഇത്തിന്റെ മേലേതിൽ
5. കോശി പ്ലാവിളകിഴക്കേതിൽ
6. മത്തായി മാങ്കുഴിയിൽ
7. തോമസ് ഇടപ്പുരയിൽ
8. മത്തായി കല്ലുവിളയിൽ

ഇടവകയിലെ ആകെ കുടുംബങ്ങൾ - 201

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ**

1. ഫാ. തോമസ് പ്ലാവിളയിൽ
2. ഫാ.ഡോ. ജോർജ്ജ് പ്ലാവിളയിൽ
3. ഫാ. ജോൺ പ്ലാവിളയിൽ
4. ഫാ. ബൊനവെഞ്ചർ ഒ.ഐ.സി. തെക്കേവീട്ടിൽ
5. ഫാ. ക്രിസോസ്റ്റം കുളത്തിന്റെ മേലേതിൽ
6. ഫാ. ഗീവർഗീസ് മാടമണ്ണിൽ
7. ഫാ. ഗീവർഗീസ് വല്യചാങ്ങവീട്ടിൽ
8. സി. ശാന്തി എസ്.ഐ.സി. കൊച്ചുപ്ലാവിളയിൽ

9. സി. അലക്സിയ എസ്.ഐ.സി. നെടിയകാലായിൽ

10. സി. സ്റ്റാൻസി ഡി.എം. നെടിയകാലായിൽ

11. സി. കാരുണ്യ എസ്.ഐ.സി. തുണ്ടിൽപുത്തൻവീട്

12. സി. ദീപാ എസ്.ഐ.സി. എടക്കുന്നേൽ

13. സി. ചൈതന്യ എസ്.ഐ.സി. എടക്കുന്നേൽ പടിഞ്ഞാറ്റേൽ

14. സി. ആൻസൽ എസ്.ഐ.സി. കൊച്ചുപ്ലാവിളയിൽ

15. സി. ധന്യ എസ്.ഐ.സി. കുളത്തിന്റെ മേലേതിൽ

16. സി. സോമി ജി.എസ്.എസ്.

17. സി. ഡോ.സെറിൽ എസ്.ഐ.സി. പാലവിളതെക്കേതിൽ

18. സി. തേജൽ എസ്.ഐ.സി. കൊച്ചുപ്ലാവിളയിൽ

19. ബ്ര. തോഷ് തോമസ്

20. ബ്ര. ഷെറിൻ

ഇടവകയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ - 4 കടമുറികൾ, 2 കമാനങ്ങൾ, 1 ഗ്രോട്ടോ, ബഥനി മഠം, മാർ ഗ്രീഗോറിയോസ് ഹാൾ

**<u>തട്ട ഇടവകയിൽ സേവനം ചെയ്ത വൈദികർ</u>**

| | | |
|---|---|---|
| 1. ഫാ. ജേൺ കുഴിനാപ്പുറത്ത് ഒ.ഐ.സി. | - | 1930 - 1931 |
| 2. ചേപ്പാട്ട് ഫീലിപ്പോസ് റമ്പാൻ | - | 1931 - 1932 |
| 3. ഫാ. ഗീവർഗീസ് എഴിയത്ത് | - | 1932 - 1934 |
| 4. ഫാ. ജേക്കബ് പുത്തൻവീട്ടിൽ | - | 1934 - 1936 |
| 5. ഫാ. കലയപുരത്തച്ചൻ | - | 1937 - 1938 |
| 6. ഫാ. പുത്തൂരച്ചൻ | - | 1938 - 1940 |
| 7. ഫാ. ഡാനിയേൽ പുത്തൻപുരയിൽ | - | 1940 - 1947 |
| 8. ഫാ. ജോഷ്വാ കുന്നത്തേത്ത് | - | 1947 - 1950 |
| 9. ഫാ. തോമസ് കൈതനാൽ | - | 1950 - 1952 |
| 10. ഫാ. ആന്റണി കേളംപറമ്പിൽ | - | 1952 - 1967 |
| 11. ഫാ. മാത്യു തേക്കുംകാട്ടിൽ | - | 1967 - 1968 |
| 12. ഫാ. സാമുവേൽ തുണ്ടിയിൽ | - | 1968 - 1973 |
| 13. ഫാ. ജോൺ ജോർജ്ജ് കിഴക്കേവീട്ടിൽ | - | 1973 - 1980 |
| 14. ഫാ. ജോർജ്ജ് കുറ്റിയിൽ | - | 1980 - 1981 |

| | | |
|---|---|---|
| 15. ഫാ. ജോഷ്വാ താഴത്തേതിൽ | - | 1981- 1991 |
| 16. ഫാ. ഗീവർഗീസ് ചരുവിളയിൽ | - | 1991- 1992 |
| 17. ഫാ. ചെറിയാൻ മായിക്കൽ | - | 1992 - 1994 |
| 18. ജോൺ പുത്തൻവിളയിൽ കോറെപ്പിസ്കോപ്പ | - | 1994 - 1996 |
| 19. ഫാ. അലക്സാണ്ടർ പനങ്കുന്നിൽ | - | 1996 - 1997 |
| 20. ഫാ. കോശി ജോർജ്ജ് ചിറയത്ത് | - | 1996 - 1997 |
| 21. ഫാ. ചാക്കോ തടത്തിൽ | - | 1997 - 1998 |
| 22. ഫാ. മാത്യു വാഴപ്പിള്ളേത്ത് റമ്പാൻ | - | 1998 - 2002 |
| 23. ഫാ. മാത്യു കയ്യാലയ്ക്കൽ | - | 2002 - 2007 |
| 24. ഫാ. ജോസഫ് ചാവടിമുരുപ്പേൽ | - | 2007 - 2010 |
| 25. ഫാ. സ്ലീബാദാസ് ചരിവുപുരയിടത്തിൽ | - | 2010 - 2012 |
| 26. ഫാ. വർഗീസ് ചാമക്കാലായിൽ | - | 2012 - 2016 |
| 27. ഫാ. അഗസ്റ്റിൻ പുലിമുറ്റത്ത് | - | 2016 |
| ദേവാലയം പുതുക്കിപണിത് കൂദാശ ചെയ്തത് | - | 1989 ഡിസംബർ 1, 2 |

ഇടവകയുമായി ബന്ധപ്പെട്ട സുപ്രധാന ദിനങ്ങൾ - ദേവാലയത്തിന്റെ പണി ആരംഭിച്ച ദിനം 1983 ജൂൺ 25ന് അഭിവന്ദ്യ ഗ്രീഗോറിയസ് തിരുമേനി ആശീർവദിച്ച കല്ല് 1984 മെയ് 15 ഫാ. ജോഷ്വാ താഴത്തേതിൽ നിർമ്മാണം ആരംഭിച്ചു. ഗ്രോട്ടോയുടെ സുവർണ്ണ ജൂബിലി 2008 ൽ ഫാ. ജോസഫ് ചാവടിമരുപ്പേലിന്റെ നേതൃത്വത്തിൽ നടത്തി. ലൂർദ്ദ് മാതാവിന്റെ തിരുനാൾ ഫെബ്രുവരി 11, 2019 ഫെബ്രുവരി 10 ഞായർ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്താ ലൂർദ്ദ് ഗിരി പാരീഷ്ഹാളിന്റെ കല്ലീടീൽ നടത്തി.